**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3571** **12.05.2017-ൽ മറുപടിക്ക്**

# സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം ശമ്പളം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഡി.കെ. മുരളി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം ശമ്പളം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്ത് 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. മിഡ്ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്, ഫുട്വെയർ മാനുഫാക്ചറിംഗ്, ഫോട്ടോ ഗ്രാഫി ആന്റ് വീഡിയോ ഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, കേബിൾ ടി.വി. എന്നീ 6 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും മിനിമം വേതനം നിശ്ചയിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 'മിഡ്ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്' മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാർ 2016 ആഗസ്റ്റ് 8-ലെ സ.ഉ.(അച്ചടി) നമ്പർ 136/2016/തൊഴിൽ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഫുട്വെയർ മാനുഫാക്ചറിംഗ്, ഫോട്ടോ ഗ്രാഫി ആന്റ് വീഡിയോ ഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിലേയ്ക്കായി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. കേബിൾ ടി.വി.മേഖലയിലെ മിനിമം വേതനം നിശ്ചയിക്കാൻ സർക്കാർ മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ ചെറുകിട തോട്ടം മേഖലയെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെടുത്താനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |

| | | |
|---|---|---|
| (ബി) | മിനിമം ശമ്പളം നൽകാത്ത സ്വകാര്യസ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) | ജീവനക്കാരുടെ ജോലിസമയം എത്ര മണിക്കൂർ ആണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ? | ഉണ്ട്. ജീവനക്കാരുടെ ജോലി സമയം 8 മണിക്കൂറും സ്പ്രെഡ് ഓവർ ഉൾപ്പെടെയുള്ള ജോലി സമയം 10 1/2 മണിക്കൂറും ആയി നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.